# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 541 12-6-2012 ന് മറുപടിയ്ക്ക്

## അന്യാധീനപ്പെട്ട വനഭൂമി

| ചോദ്യം<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ഉത്തരം<br>ശ്രീ.കെ.ബി.ഗണേഷ്കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരളത്തിലെ അന്യാധീനപ്പെട്ട വനഭൂമികൾ സംരക്ഷിക്കണമെന്നത് സംബന്ധിച്ച കോടതിവിധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ വനഭൂമി കയ്യേറ്റക്കാരിൽ നിന്നും തിരിച്ചു പിടിക്കാനും സംരക്ഷിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) വനം കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും പ്രതികൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്. വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരമായ പട്രോളിംഗ് നടത്തിയും വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജന പങ്കാളിത്തത്തോടെയുള്ള വനപരിപാലനസംരക്ഷണ പ്രവർത്ത-നങ്ങൾ വഴിയും വനം കയ്യേറ്റ ശ്രമങ്ങൾ തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ റവന്യൂ - പോലീസ് അധികാരികളുടെ സഹായത്തോടെ വനം കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വനഭൂമി സംരക്ഷിച്ചുവരുന്നു. പുതിയ കയ്യേറ്റങ്ങൾ അപ്പോൾ തന്നെ ഒഴിപ്പി -ക്കുന്നുണ്ട്. 1/1/1977 ന് ശേഷമുള്ള വനംകയ്യേറ്റം ഒഴിപ്പിക്കുന്നതിന് 8/11/2002 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 69/2002/വനം പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാനതല കമ്മിറ്റിയും 6/3/2003 ലെ |

| | |
|---|---|
| | ജി.ഒ(എം.എസ്) 15/03/വനം പ്രകാരം സർക്കിൾ കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ സർക്കിൾതല കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ വനം കയ്യേറ്റം ഒഴിപ്പിക്കു - ന്നതിന് കൈവരിച്ച പുരോഗതി അവലോകനം ചെയ്യുകയും വിവിധ വകുപ്പുകളുടെ സഹകരണം ഏകോപിപ്പിച്ച് ഫലപ്രദമായി വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ